# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1822 04-05-2017-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.റോജി എം. ജോൺ | ഡോ.ടി.എം. തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**ട്രഷറികളിലെ നോട്ട് ക്ഷാമം**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ ട്രഷറികളിലെ നോട്ട് ക്ഷാമം പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ് ; | ട്രഷറികളിലൂടെ ശമ്പളവും പെൻഷനും വിതരണം ചെയ്യുവാനായി ഏജൻസി ബാങ്കുകളിൽനിന്നും ഇംപ്രസ്റ്റ് തുക ആവശ്യപ്പെടുമ്പോൾ മിക്ക ദിവസവും 40 ശതമാനത്തോളം തുക മാത്രമേ ലഭിക്കുകയുണ്ടായിട്ടുള്ളൂ. ഈ കറൻസി ക്ഷാമം പരിഹരിക്കുന്നതിനായി ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, കെ.എസ്.എഫ്.ഇ. എന്നിവയുടെ വരുമാനം ട്രഷറികളിൽ നേരിട്ട് അടയ്ക്കുന്നതിനും ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടറുകൾ മുഖേന സ്വീകരിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ വകുപ്പുകളുടെയും സ്ഥാപനങ്ങളുടേയും പണമാണ് ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് നിർദ്ദേശം നൽകിയത് ; | ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി വകപ്പ്, കെ.എസ്.എഫ്.ഇ.എന്നിവയുടെ വരുമാനമാണ് ട്രഷറികളിൽ നിക്ഷേപിക്കുന്നതിന് നിർദ്ദേശം നൽകിയത്. |
| (സി) | ഇതുപ്രകാരം 2017 ഏപ്രിൽ മാസത്തിൽ മാത്രം വിവിധ വകുപ്പുകളും സ്ഥാപന ങ്ങളും എന്ത് തുക ട്രഷറിയിൽ നിക്ഷേപിച്ചുവെന്നതിന്റെ കണക്ക് ലഭ്യ മാണോ ; എങ്കിൽ വ്യക്തമാക്കാമോ ? | 2017 ഏപ്രിൽ 28 വരെ ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി വകപ്പ്, കെ.എസ്.എഫ്.ഇ. എന്നിവിടങ്ങളിൽ നിന്നും ട്രഷറിയിൽ നിക്ഷേപിച്ച തുക താഴെ പറയും പ്രകാരമാണ്;<br>ബിവറേജസ് കോർപ്പറേഷൻ - 74.12 കോടി<br>കെ.എസ്.എഫ്.ഇ - 339.66 കോടി<br>ലോട്ടറി — 102.80 കോടി |
| (ഡി) | സർക്കാർ ആവശ്യപ്പെട്ടിട്ടും ആവശ്യത്തിന് പണം നൽകാത്ത ബാങ്കുകളിൽ ഇനി പണം നിക്ഷേപിക്കുകയില്ല എന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ? | ഇല്ല |

**സെക്ഷൻ ഓഫീസർ**